കേരള സർക്കാർ

# വ്യാവസായിക പരിശീലന വകുപ്പ്

## നൈപുണ്യ കർമ്മസേന



Industrial Training Institute


iti
Industrial Training Institute
നൈപുണ്യ കർമ്മസേന

കേരള സർക്കാർ

## വ്യാവസായിക പരിശീലന വകുപ്പ്

# നൈപുണ്യ കർമ്മസേന 2024 പ്രവർത്തനങ്ങൾ

**വി. ശിവൻകുട്ടി**
പൊതുവിദ്യാഭ്യാസവും
തൊഴിലും വകുപ്പ് മന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം

തീയതി 27-09-2024

സന്ദേശം

വ്യവസായിക പരിശീലന വകുപ്പിലെ ജീവനക്കാരുടെയും ട്രെയിനികളുടെയും നൈപുണ്യ ശേഷിയും സാങ്കേതിക പരിജ്ഞാനവും സാമൂഹ്യ ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിന് സ്ഥിരം സംവിധാനം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സന്നദ്ധ സേവനത്തിന് അഭിരുചിയുള്ള ട്രെയിനികളെ ഉൾപ്പെടുത്തി രൂപീകരിച്ച നൈപുണ്യ കർമ്മ സേനയുടെ പ്രവർത്തനങ്ങൾ നിലവിൽ സംസ്ഥാനത്തെ 91 ഐടിഐകളിൽ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു എന്നതിൽ അഭിമാനം.

നൈപുണ്യ കർമ്മ സേനയുടെ പ്രവർത്തനങ്ങൾ പൊതു സമൂഹത്തിലേക്ക് എത്തിക്കുന്നതിനായി ഒരു പുസ്തകം തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. പുസ്തകം ഏവർക്കും പ്രയോജനപ്രദമാകുമെന്ന് ഉറപ്പാണ്. എല്ലാവിധ ആശംസകളും.

സ്നേഹത്തോടെ

**വി.ശിവൻകുട്ടി**

ഡോ. കെ. വാസുകി ഐ.എ.എസ്.
സെക്രട്ടറി

തൊഴിലും നൈപുണ്യവും വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-൬൯൫ ൦൦൧
ഫോൺ ഓഫീസ് : 0471-2517395
തീയതി 30/09/2024

## ആശംസ

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ-കളിലെ സാങ്കേതിക പരിജ്ഞാനം ആർജ്ജിച്ച ട്രെയിനികളെ ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിച്ച നൈപുണ്യകർമ്മസേനയുടെ പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കി ഒരു പുസ്തകം തയ്യാറാക്കുന്നതായി അറിഞ്ഞതിൽ സന്തോഷം

6000-ത്തോളം ഭവനങ്ങളുടെയും, വിവിധ സർക്കാർ സ്ഥാപനങ്ങളുടെയും സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതിനും വിവിധ സ്ഥലങ്ങളിൽ നടത്തിയ മേളകളിലൂടെ ഗാർഹിക ഉപകരണങ്ങളുടെ തകരാറുകൾ പരിഹരിച്ച് നൽകുന്നതിന് ഈ സന്നദ്ധ സേനയ്ക്ക് സാധിച്ചു എന്നത് അഭിനന്ദനാർഹമാണ്. യുവാക്കളിൽ സാമൂഹിക പ്രതിബദ്ധത വളർത്തിയെടുക്കുവാനും തൊഴിൽ വൈദഗ്ധ്യം നേടിയെടുക്കാനും നൈപുണ്യകർമ്മസേന ഒരു മുതൽക്കൂട്ടാണ്.

നൈപുണ്യ കർമ്മസേനയുടെ പ്രവർത്തനങ്ങൾ മറ്റുള്ളവരിലേയ്ക്ക് എത്തിക്കാൻ ഈ പുസ്തകത്തിന് സാധിക്കട്ടെ എന്ന ആത്മാർത്ഥമായി ആശംസിക്കുന്നു

സെക്രട്ടറി,

തൊഴിലും നൈപുണ്യവും വകുപ്പ്

സുഫിയാൻ അഹമദ് ഐ.എ.എസ്.
ഡയറക്ടർ
എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്
കേരളം

ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്
തൊഴിൽ ഭവൻ, അഞ്ചാം നില & ആറാം നില
വികാസ് ഭവൻ പി. ഒ.
തിരുവനന്തപുരം-695 033
ഫോൺ: ഓഫീസ് : 0471-2301542
0471-2301249
മൊബൈൽ : 9447023856
ഇ-മെയിൽ : director.trg@kerala.gov.in
director.emp@kerala.gov.in

തീയതി...............................

## ആശംസ

പ്രളയ ദുരിതത്തിന് ശേഷമുള്ള പുനരധിവാസ പ്രവർത്തനങ്ങളിൽ കെട്ടിടങ്ങളിലെ ഇലക്ട്രിക്കൽ, പ്ലംബിംഗ്, കാർപെന്ററി, വയറിംഗ് തകരാറുകൾ പരിഹരിക്കുന്നതിനും വാസയോഗ്യമാക്കുന്നതിനും വ്യാവസായിക പരിശീലന വകുപ്പിലെ ഇൻസ്ട്രക്ടർമാർ, ട്രെയിനികൾ മുൻകാല ട്രെയിനികൾ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിച്ച നൈപുണ്യ കർമ്മസേനയുടെ പ്രവർത്തനങ്ങൾ 2018-19 വർഷങ്ങളിലെ പ്രളയ ദുരന്ത കാലത്ത് മുക്തകണ്ഠ പ്രശംസ നേടിയിരുന്നു.

ഐ.ടി.ഐ കളിലെ സാങ്കേതിക പരിജ്ഞാനവും നൈപുണ്യശേഷിയുള്ള ജീവനക്കാരുടെയും, ട്രയിനികളുടെയും മനുഷ്യവിഭവശേഷി പൊതു സമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനും ട്രെയികൾക്ക് അവരുടെ നൈപുണ്യശേഷി പരിപോഷിപ്പിക്കുന്നതിനും നൈപുണ്യ കർമ്മസേന സഹായകമാകും എന്നത് പ്രളയകാലത്തെ പ്രവർത്തനങ്ങളിലൂടെ തെളിയിക്കപ്പെട്ട വസ്തുതയാണ്.

നൈപുണ്യ കർമ്മസേനയുടെ പ്രവർത്തനങ്ങൾ ഏകീകരിച്ച് ഒരു പുസ്തകം തയ്യാറാക്കുന്നതായി അറിഞ്ഞതിൽ വളരെയേറെ സന്തോഷം. എല്ലാ ഭാവുകങ്ങളും നേരുന്നു.

മിനി മാത്യു
അഡിഷണൽ ഡയറക്ടർ &
സെക്രട്ടറി എസ്. സി. വി. ടി
വ്യാവസായിക പരിശീലന വകുപ്പ്
കേരളം

ഡയറക്ടർ ഓഫ് ട്രെയിനിംഗ്
തൊഴിൽ ഭവൻ അഞ്ചാം നില
വികാസ് ഭവൻ പി. ഒ.
ഓഫീസ് : 0471 2303490
മൊബൈൽ : 9495537256
ഇ മെയിൽ : itdkerala.adt@gmail.com

തീയതി 01/10/2024

## ആശംസ

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ 2018-ലെപ്രളയത്തിനെ തുടർന്ന് താൽക്കാലികമായി ആരംഭിച്ച നൈപുണ്യ കർമ്മസേന നിലവിൽ സർക്കാർ അനുമതിയോടുകൂടി സ്ഥിരം സംവിധാനമാകുകയും ടി സേനയുടെ പ്രവർത്തനങ്ങളും ഉദ്ദേശ ലക്ഷ്യങ്ങളും വകുപ്പിന് വളരെ അഭിമാനകരമായ വസ്തുതയുമാണ്.

നൈപുണ്യ കർമ്മസേനയുടെ പ്രവർത്തനങ്ങൾ ഏകീകരിച്ചുകൊണ്ടു തയ്യാറാക്കുന്ന പുസ്തകം വകുപ്പിന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളുടെ മുന്നിൽ എത്തിക്കുന്നതിന് സഹായകരമാകുന്നതാണ്. ആയതിനാൽ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

MINI MATHEW
PEN 417804
Additional Director of Training
Directorate of Training
4th & 5th Floor, Labour Complex
Vikas Bhavan P.O. Thiruvananthapuram-695 033

# ഉള്ളടക്കം


- ആശംസകൾ

- തിരുവനന്തപുരം
- കൊല്ലം
- പത്തനംതിട്ട
- ആലപ്പുഴ
- കോട്ടയം
- ഇടുക്കി
- എറണാകുളം
- തൃശ്ശൂർ
- പാലക്കാട്
- മലപ്പുറം
- കോഴിക്കോട്
- വയനാട്
- കണ്ണൂർ
- കാസറഗോഡ്

# ആമുഖം

2018ലെ പ്രളയാനന്തര പുനരുജ്ജീവന പ്രവർത്തനങ്ങളിൽ നേരിട്ട പ്രധാന വെല്ലുവിളി വെള്ളം കയറിയ വീടുകൾ, കച്ചവടസ്ഥാപനങ്ങൾ, സർക്കാർ ആവശ്യങ്ങൾക്കുൾപ്പെടെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, ജലവിതരണ സംവിധാനം, ജനൽ, വാതിൽ എന്നിവയുടെ തകരാറുകൾ മുതലായവ പരിഹരിക്കുന്നതിനാവശ്യമായ സാങ്കേതിക വിദഗ്ദ്ധരുടെ അഭാവവും, ആയതിനു വേണ്ടിവരുന്ന ഭീമമായ സാമ്പത്തിക ബാധ്യതയുമാണ്. നാട്ടിലെ സാധാരണ മനുഷ്യരുടെ ജീവിതം പഴയ നിലയിലെത്തിക്കുന്നതിന് ഈ വിഷയത്തിൽ അടിയന്തിര ഇടപെടലുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിനോട് ആവശ്യപ്പെട്ടു. വ്യാവസായിക പരിശീലന വകുപ്പിലെ സാങ്കേതിക പരിജ്ഞാനവും വൈദഗ്ദ്ധ്യമുള്ള ജീവനക്കാരുടേയും ട്രെയിനികളുടേയും സേവനം പ്രയോജനപ്പെടുത്തി പ്രളയാനന്തര പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് അന്നത്തെ തൊഴിൽ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. റ്റി പി രാമകൃഷ്ണൻ വകുപ്പിന് നിർദ്ദേശം നൽകി. ഹരിതകേരളം മിഷന്റെ സഹായത്തോടെ സംസ്ഥാനത്തെ ഐ ടി ഐകളിലെ സേവന മനോഭാവമുള്ള ഇൻസ്ട്രക്ടർമാർ, ട്രെയിനികൾ, പൂർവ്വ ട്രെയിനികൾ എന്നിവർ സംസ്ഥാനത്തെ പ്രളയബാധിതമേഖലകളിലെ വീടുകളിലേയും സർക്കാർ സ്ഥാപനങ്ങളിലേയും ഇലക്ട്രിക്കൽ, പ്ലംബിംഗ് സംവിധാനങ്ങൾക്കുണ്ടായ തകരാറുകൾ പരിഹരിക്കുകയും ഇലക്ട്രോണിക്സ് ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുകയും ഫർണിച്ചറുകളിലെ കേടുപാടുകൾ പരിഹരിക്കുകയും ചെയ്തു. പ്രളയം നിരാലംബമാക്കിയ അനേകം കുടുംബങ്ങൾക്ക് ആശ്വാസകരമായിരുന്നു ഈ പ്രവർത്തനങ്ങൾ. ഇത്തരത്തിൽ 2018ലെ പ്രളയാനന്തരം കേരളത്തിലെ ജനജീവിതത്തെ സാധാരണ നിലയിലാക്കുന്നതിനായി ആവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിനായി സന്നദ്ധപ്രവർത്തനങ്ങൾക്ക് തയ്യാറായ വ്യാവസായിക പരിശീലന വകുപ്പിലെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ജീവനക്കാരുടേയും ട്രെയിനികളുടേയും കൂട്ടായ്മയ്ക്ക് നൽകിയ പേരാണ് നൈപുണ്യകർമ്മസേന

2020ലെ കോവിഡ് മഹാമാരിയുടെ കാലത്ത് ഐ ടി ഐകളിലെ നൈപുണ്യ കർമ്മസേനയുടെ നേതൃത്വത്തിൽ മാസ്ക്കുകൾ, സാനിറ്റൈസർ, ഹാൻഡ്ഫ്രീ സാനിറ്റൈസർ, ഡിസ്പെൻസർ യൂണിറ്റ്, ഹാൻഡ്ഫ്രീ ടെംപറേച്ചർ മെഷറിംഗ് യൂണിറ്റ് തുടങ്ങിയവ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്തു

ഇത്തരത്തിൽ സേവന സന്നദ്ധരായ സാങ്കേതിക വിദഗ്ദ്ധരുടെ കൂട്ടായ്മ സ്ഥിരം സംവിധാനമാക്കുന്നതിനും പ്രകൃതി ദുരന്ത സന്ദർഭങ്ങളിലും മറ്റ് അവശ്യഘട്ടങ്ങളിലും പൊതുസമൂഹത്തിന് പ്രയോജനപ്രദമായ നിലയിൽ അവരുടെ സേവനം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നൈപുണ്യ കർമ്മസേനയെ സ്ഥിരം സംവിധാനമാക്കുന്നതിന് ഡി പി ആർ തയ്യാറാക്കുകയും സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. 28.10.2020ലെ ഇ2/106/2020 തൊഴിൽ നമ്പരായ സർക്കാർ നിർദ്ദേശപ്രകാരം നൈപുണ്യ കർമ്മസേന ഒരു സ്ഥിരം സംവിധാനമായി നിലവിൽ വന്നു. 24.02.2021 മുതൽ സംസ്ഥാനത്തെ 64 ഐ ടി ഐകളിലും 16.08.2023 മുതൽ 15 ഐ ടി ഐകളിലും നൈപുണ്യ കർമ്മസേന സ്ഥിരം സംവിധാനമായി നിലവിൽ വന്നു. സംസ്ഥാനത്തെ 14 ജില്ലകളിലായി നിലവിൽ 79 യൂണിറ്റുകളാണ് നൈപുണ്യകർമ്മസേനയ്ക്കുള്ളത്.

ഐ ടി ഐകളിലെ ഇലക്ട്രീഷ്യൻ, പ്ലംബർ, ഇലക്ട്രോണിക്സ്, വെൽഡർ, വുഡ് വർക്ക് ടെക്നീഷ്യൻ, ഷീറ്റ് മെറ്റൽ വർക്കർ, റഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ് ടെക്നീഷ്യൻ, റ്റി പി ഇ എസ്, എം സി ഇ എ മുതലായ ട്രേഡുകളിലെ ട്രെയിനികളും ഇൻസ്ട്രക്ടർമാരുമാണ് നൈപുണ്യ കർമ്മ സേനയുടെ പ്രവർത്തനങ്ങളിൽ ഭാഗമാകുന്നത്. ഹോസ്പിറ്റലുകൾ, അങ്കണവാടികൾ, സ്ക്കൂളുകൾ തുടങ്ങി പൊതുയിടങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി ടി സ്ഥാപനങ്ങളുടെ സേവനങ്ങളും ഭൗതിക സാഹചര്യവും മെച്ചപ്പെടുത്തുന്നതിനും നൈപുണ്യ കർമ്മസേനയ്ക്ക് സാധിക്കുന്നുണ്ട്. നൈപണ്യ കർമ്മസേന ആദ്യകാലങ്ങളിൽ ഐ ടി ഐകളിലെ ട്രെയിനിംഗിനായി അനുവദിച്ചിരുന്ന ഉപകരണങ്ങളാണ് അതിന്റെ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചു വന്നത്. ആയത് സ്ഥിരം സംവിധാനമായതോടെ നൈപുണ്യ കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണകിറ്റുകളും (അവശ്യഘട്ടങ്ങളിൽ ഉപയോഗിക്കേണ്ട ജനറേറ്റർ, വെൽഡിംഗ്, കട്ടിംഗ് ഉപകരണങ്ങൾ ഉൾപ്പെടെ) യൂണിഫോമും നൈപുണ്യകർമ്മസേനയ്ക്ക് അനുവദിച്ചിട്ടുണ്ട്. ട്രെയിനികളിൽ സാമൂഹ്യബോധവും സേവന സന്നദ്ധതയും വളർത്താൻ നൈപുണ്യകർമ്മസേന പ്രവർത്തനങ്ങൾ സഹായിക്കുന്നു 2018ലെ പ്രളയാനന്തര പ്രവർത്തനങ്ങൾ, കോവിഡ് കാലത്തെ സേവനങ്ങൾ എന്നിവയ്ക്ക് നൈപുണ്യ കർമ്മസേന പ്രവർത്തകരെ സർക്കാർ തലത്തിൽ ആദരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വ്യാവസായിക പരിശീലന വകുപ്പിന്റെ യശസ്സും പ്രാധാന്യവും ഉയർത്തുന്നതാണ് നൈപുണ്യ കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന സ്വീകാര്യതയും അംഗീകാരങ്ങളും.

**സുഫിയാൻ അഹമദ് ഐ.എ.എസ്**
**ഡയറക്ടർ ഓഫ് ട്രെയിനിംഗ് /**
**സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ**

# തിരുവനന്തപുരം

## ഗവ. ഐ ടി ഐ ചാക്ക

- വഞ്ചി പൂവർ ഹോമിൽ വെൽഡിങ്, ഇലക്ട്രിഫിക്കേഷൻ, പെയിന്റിംഗ് തുടങ്ങിയ വർക്കുകൾ പൂർത്തീകരിച്ചു.









# തിരുവനന്തപുരം

## ഗവ. ഐ ടി ഐ ആറ്റിങ്ങൽ

- താലൂക്ക് ആശുപത്രി വലിയകുന്ന്-വീൽ ചെയർ റിപ്പയറിങ്, വെൽഡിങ് വർക്കുകൾ, കാർപെന്ററി വർക്കുകൾ, പ്ലംബിംഗ് വർക്കുകൾ എന്നിവ പൂർത്തീകരിച്ചു.









# തിരുവനന്തപുരം

## ഗവ. ഐ ടി ഐ ധനുവച്ചപുരം

- പാറശാല താലൂക്ക് ഹോസ്പിറ്റൽ, ധനുവച്ചപുരം ഐ ടി ഐ എന്നിവിടങ്ങളിലെ ഇൻവെർട്ടർ സർവീസിങ്ങ്, ഇലക്ട്രിക്കൽ തുടങ്ങിയ വർക്കുകൾ പൂർത്തീകരിച്ചു.
- ധനുവച്ചപുരം ഗവൺമെൻറ് സ്കൂൾ, മൈലച്ചൽ ഗവൺമെൻറ് സ്കൂൾ, ധനുവച്ചപുരം ഐ ടി ഐ എന്നിവിടങ്ങളിലെ കാർപെന്ററി വർക്കുകൾ പൂർത്തീകരിച്ചു.
- ധനുവച്ചപുരം ഐ ടി ഐ യിലെ വെള്ളക്കെട്ട് പരിഹരിച്ചു.









# തിരുവനന്തപുരം

## ഗവ. വനിത ഐ ടി ഐ കഴക്കൂട്ടം

- ഐ ടി ഐ കെട്ടിടം പെയിന്റിംഗ് വർക്ക്, ചെയർ പെയിന്റിംഗ്, ക്ലീനിംഗ്, ഗാർഡനിംഗ്.









# ഗവ. ഐ ടി ഐ മലയിൻകീഴ്

- മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ തകരാറിലായ ട്യൂബ് ലൈറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി. അതിനോടനുബന്ധിച്ചുള്ള വയറിങ് തകരാറുകളും പരിഹരിച്ചു.
- വണ്ടന്നൂർ ചൈതന്യ ഗ്രന്ഥശാലയുടെ ഇലക്ട്രിക്കൽ കണക്ഷന്റെ തകരാറുകൾ പരിഹരിച്ചു. പ്രവർത്തനക്ഷമമല്ലാത്ത ഫ്ളൂറസെന്റ് ട്യൂബുകൾ മാറ്റി പുതിയ ലൈറ്റുകൾ സ്ഥാപിച്ചു. തകരാറിലായ ഫാനുകൾ പ്രവർത്തനക്ഷമമാക്കി, സ്വിച്ചുകൾ മാറ്റി സ്ഥാപിച്ചു.
- മലയിൻകീഴ് വൃദ്ധസദനത്തിലെ അന്തേവാസികളുടെ ആവശ്യങ്ങൾ മനസ്സിലാക്കി, എല്ലാ അന്തേവാസികളും ആഹാരസമയം കൃത്യമായി അറിയുന്നതിനായി ഒരു ബെല്ലും ക്രമീകരിച്ചു നൽകി. പ്രവർത്തനക്ഷമമല്ലാതിരുന്ന ട്യൂബുലൈറ്റുകളും ഫാനുകളും മറ്റും മാറ്റി സ്ഥാപിച്ചു നൽകി.





# തിരുവനന്തപുരം

## ഗവ. ഐ ടി ഐ മലയിൻകീഴ്









## ഗവ. ഐ ടി ഐ വർക്കല

- വർക്കല മുനിസിപ്പാലിറ്റിയിലുള്ള 21-ാം വാർഡിലെ ലൈഫ് മിഷനിലൂടെ ലഭിച്ച രണ്ട് വീടുകളിൽ ഇലക്ട്രിക്കൽ മെയിന്റനൻസ് ചെയ്തു.





# തിരുവനന്തപുരം

## ഗവ. ഐ ടി ഐ ആര്യനാട്

- പള്ളിവേട്ട അങ്കണവാടിയിയിലെ ഇലക്ട്രിക്ക് വർക്കുകൾ പൂർത്തീകരിച്ചു.
- വെള്ളനാട് എൽ.പി.എസിലെ ഇലക്ട്രിക്കൽ വർക്ക്, വാട്ടർ ടാങ്ക് ക്ലീനിംഗ് തുടങ്ങിയ വർക്കുകൾ പൂർത്തീകരിച്ചു.
- പുതിയ തെരുവ് എൽ.പി.എസിലെ ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിച്ചു.









## ഗവ. ഐ ടി ഐ ചന്ദനത്തോപ്പ്

- ചന്ദനത്തോപ്പ് ഐ ടി ഐ ക്കു സമീപത്തെ വീട്ടിലേക്കു കാറ്റടിച്ചു മറിഞ്ഞു വീണ മരം വെട്ടിമാറ്റി

- ചന്ദനത്തോപ്പ് ഐ ടി ഐക്ക് സമീപമുള്ള ആർ ഐ സെന്ററിനും പഞ്ചായത്ത് റോഡിനും ഇടയിൽ വളർന്ന് 11 കെ വി വൈദ്യുതി ലൈനിൽ തട്ടിക്കിടന്ന മഞ്ഞക്കണംബ്, വട്ട എന്നീ മരങ്ങൾ വൈദ്യുതി ബോർഡ് ജീവനക്കാർ ലൈൻ ഓഫ് ചെയ്തു തന്നപ്പോൾ മുറിച്ചു മാറ്റി.

- പെരിനാട് പഞ്ചായത്തിൽ ഐ ടി ഐ ഉൾപ്പെട്ട വാർഡിലെ മുകളുവിള അങ്കണവാടിയിൽ സീലിംഗ്ഫാൻ ഫിറ്റ് ചെയ്തു.

- കൊല്ലം ജില്ലാ ആശുപത്രിയിൽ രോഗികൾ ഉപയോഗിക്കുന്ന വിവിധ ഉപകരണങ്ങൾ അറ്റകുറ്റപണി നടത്തി ഉപയോഗപ്രദമാക്കി.

- കൊല്ലം ജില്ലാ ആശുപത്രിയിലെ വിവിധ ഉപകരണങ്ങൾ, ടേബിൾ എന്നിവയുടെ അറ്റകുറ്റപ്പണിയും പെയിന്റിങ്ങും നടത്തി.

# കൊല്ലം

## ഗവ. ഐ ടി ഐ ചന്ദനത്തോപ്പ്









# കൊല്ലം

## ഗവ. ഐ ടി ഐ ചാത്തന്നൂർ

- ഉളിയനാട് ഗവ.ഹൈസ്കൂളിലെ ചുമർ പെയിന്റിംഗ് ജോലികളും പ്ലംബിംഗ് ജോലികളും. അടുക്കളയുടെ അറ്റകുറ്റപ്പണികളും ചെയ്തു.
- ചാത്തന്നൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇലക്ട്രിക്കൽ മെയിന്റനൻസ് ജോലികളും വെൽഡിംഗ് ജോലികളും ചെയ്തു.









# കൊല്ലം

## ഗവ. ഐ ടി ഐ ഇളമാട്

- ഐ ടി ഐയിൽ കേടായികിടന്ന ട്യൂബ്ലൈറ്റുകൾ നന്നാക്കി
- കുടിവെള്ള പൈപ്പ് പൊട്ടിയത് നന്നാക്കി









# കൊല്ലം

## ഗവ. ഐ ടി ഐ കുളത്തുപ്പുഴ

- ആർ പി എൽ 1 സി കോളനിയിലെ അങ്കണവാടിയിൽ വാട്ടർ സപ്ലൈ ലൈനിൽ സ്ഥാപിച്ചിട്ടുള്ള മീറ്ററും അനുബന്ധ വാൽവുകളും മാറ്റി സ്ഥാപിച്ചു.

- കുളത്തുപ്പുഴ എക്സ് സർവീസ്മെൻ കോളനിയിലെ കുടിവെള്ള കിണറിൽ സ്ഥാപിച്ചിട്ടുള്ള പമ്പിന്റെ ഫുട്ട്വാൽവ് മാറ്റി സ്ഥാപിക്കുകയും ജല വിതരണം പുനഃസ്ഥാപിക്കുകയും ചെയ്തു.

- കൂവക്കാട് തമിഴ് മീഡിയം സ്കൂളിലെ പൊട്ടിപ്പോയ കുടിവെള്ള പൈപ്പുകൾ പുനഃസ്ഥാപിച്ചു.





# കൊല്ലം

## ഗവ. ഐ ടി ഐ മയ്യനാട്

- മയ്യനാട്, ശാസ്താം കോവിൽ ഗവ. മോഡൽ എൽ പി എസിൽ ഇലക്ട്രിക്കൽ വർക്ക് നടത്തി.
- മയ്യനാട് ഗ്രാമ പഞ്ചായത്ത് ഓഫീസിൽ പ്ലംബിംഗ് ജോലികൾ പൂർത്തിയാക്കി.









# കൊല്ലം

## ഗവ. ഐ ടി ഐ പോരുവഴി

- പോരുവഴി ഗവണ്മെന്റ് ഹോമിയോ ആശുപത്രിയിൽ ഇലക്ട്രിക്കൽ മെയിന്റനൻസ് നടത്തി.
- പോരുവഴി അങ്കണവാടിയിൽ കേടായിക്കിടന്ന വൈദ്യുത വിളക്കുകൾ നന്നാക്കി.
- പോരുവഴി ഗവണ്മെന്റ് ആയുർവേദ ആശുപത്രിയിൽ ഇലക്ട്രിക്കൽ മെയിന്റനൻസ് നടത്തി.
- പോരുവഴി ഗവണ്മെന്റ് ആയുർവേദ ആശുപത്രിയിൽ പ്ലംബിംഗ് അറ്റകുറ്റപണികൾ നടത്തി.





# കൊല്ലം

## ഗവ. ഐ ടി ഐ തേവലക്കര

- പോരുവഴി ആയുർവ്വേദ ഹോസ്പിറ്റലിൽ വെൽഡിംഗ് വർക്കുകൾ, ഗേറ്റ് വെൽഡിംഗ്, ചെയർ വെൽഡിംഗ് എന്നിവയും മറ്റ് അറ്റകുറ്റപ്പണികളും നിർവഹിച്ചു.

- അരിനെല്ലൂർ സ്കൂളിൽ പ്ലംബിംഗ് & വെൽഡിംഗ് വർക്ക് ചെയ്തു. ടാപ്പ് റിപ്പയർ ചെയ്യുകയും, മാറ്റി സ്ഥാപിക്കുകയും ചെയ്തു. വാഷ്ബേസിൻ, സിങ്ക് എന്നിവ റിപ്പയർ ചെയ്തു. ഗേറ്റ് വൃത്തിയാക്കി, കമ്പികൾ മാറ്റി വെൽഡിംഗ് ചെയ്തു. ജനൽ കമ്പികൾ വെൽഡ് ചെയ്തു.

- എഫ്.എച്ച്.സി തേവലക്കരയിൽ ബെഡ് വെൽഡിംഗ്, ഗേറ്റ് വെൽഡിംഗ് കൂടാതെ ടാപ്പ് മാറ്റി സ്ഥാപിച്ചു. പൈപ്പ് ലൈൻ ചെക്ക് ചെയ്തു. വാഷ്ബെയ്സിന്റെ ലൈനുകൾ മാറ്റി സ്ഥാപിച്ചു.

- ഗവ. പി.എച്ച്.സി തേവലക്കരയിൽ പ്ലംബിംഗ് & വെൽഡിംഗ് മെയിന്റനൻസ് ചെയ്തു. നെറ്റിൻറ കമ്പികൾ മാറ്റുകയും, തുരുമ്പിച്ച കമ്പികൾ വൃത്തിയാക്കുകയും ചെയ്തു. വീൽ ചെയറിന്റെ വീൽ മാറ്റി പുതിയത് സ്ഥാപിച്ചു. വീൽചെയറിന്റെ കമ്പികൾ വെൽഡ് ചെയ്തു.

# കൊല്ലം

## ഗവ. ഐ ടി ഐ തേവലക്കര









# കൊല്ലം

## ഗവ. ഐ ടി ഐ തേവലക്കര









# ഗവ. ഐ ടി ഐ ചെന്നീർക്കര

- ചെന്നീർക്കര ഐ ടി ഐ–വാഹന പാർക്കിങ്ങിന് ആവശ്യമായ പാർക്കിംഗ് ഷെഡ് നിർമാണത്തിലെ വെൽഡിങ് പണികൾ പൂർത്തീകരിച്ചു.











# പത്തനംതിട്ട

## ഗവ. ഐ ടി ഐ റാന്നി

- റാന്നി താലൂക്ക് ആശുപത്രിയിലെ കേടായ ഫർണിച്ചറുകൾ റിപ്പയർ ചെയ്തു പെയിന്റിംഗ് നടത്തി നൽകി.
- റാന്നി ഗവ. ഐ ടി ഐ-സോളാർ പാനൽ മെയ്ന്റനൻസ് വർക്ക്, ഇലക്ട്രിക്കൽ മെയ്ന്റനൻസ് വർക്ക് ചെയ്തു.









# ആലപ്പുഴ

## ഗവ. ഐടിഐ ചെങ്ങന്നൂർ

- ചെങ്ങന്നൂർ വനിതാ ഹോസ്റ്റലിലെ ഇലക്ട്രിക്കൽ മെയിന്റനൻസ് ജോലി നിർവ്വഹിച്ചു.
- തുണ്ടത്തുമല അങ്കണവാടിയിലെ ഇൻഡക്ഷൻ കുക്കർ നന്നാക്കി.
- അങ്കണവാടിയിലെ സോളാർ ലൈറ്റ് നന്നാക്കി.
- ചെങ്ങന്നൂർ അങ്ങാടിക്കൽ സ്കൂളിലെ ഇലക്ട്രിക്കൽ മെയിന്റനൻസ് ജോലി നിർവ്വഹിച്ചു.









## ഗവ. ഐ ടി ഐ കായംകുളം

- കായംകുളം മുനിസിപ്പൽ ഓഫീസ്, ഗവ ബോയ്സ് സ്കൂൾ കായംകുളം എന്നിവിടങ്ങളിൽ അറ്റകുറ്റപണികൾ നടത്തി.









# ആലപ്പുഴ

## ഗവ. ഐ ടി ഐ പുറക്കാട്

- തോട്ടപ്പള്ളി പ്രൈമറി ഹെൽത്ത് സെന്ററിലെ മെഡിസിൻ റാക്ക് റിപ്പയർ ചെയ്തു നൽകി. ഭിന്നശേഷിക്കാർക്കായി ഹാൻഡ് റെയിൽ, നെറ്റ് മെഷ് എന്നിവ ഗേറ്റിൽ പണിതു നൽകി.
- നാലുചിറ ഗവ.ഹൈസ്ക്കൂളിൽ പ്ലംബിംഗ് വർക്കുകൾ ചെയ്തു നൽകി.
- പുറക്കാട് ഗവ. ഐ ടി ഐ-വെൽഡിംഗ് ഉപകരണങ്ങളുടെ പെയിന്റിംഗ് വർക്കുകൾ ചെയ്തു.






# ഗവ. ഐ ടി ഐ വയലാർ

- പള്ളിപ്പാട് ഗവ. ഐടിഐയിലെ എയർ കണ്ടീഷണറിന്റെ തകരാറ് പരിഹരിച്ചു.
- കായംകുളം ഗവ. ഐടിഐയിലെ എയർ കണ്ടീഷണറിന്റെ തകരാറ് പരിഹരിച്ചു.
- കളവംകോടം കരപ്പുറം മിഷൻ യു പി സ്കൂളിലെ ഇലക്ട്രിക്കൽ ജോലി നിർവ്വഹിച്ചു.





# കോട്ടയം

## പി ടി സി എം. ഗവ. ഐ ടി ഐ പള്ളിക്കത്തോട്

- ചങ്ങനാശ്ശേരി ഗവ. വനിത ഐ ടി ഐയിൽ ഇലക്ട്രിഫിക്കേഷൻ നടത്തി.









# കോട്ടയം

## ഗവ. ഐ ടി ഐ തിരുവാർപ്പ്

- കിളിരൂർ യു പി സ്കൂളിൽ പ്ലംബിംഗ് ഇലക്ട്രിക്കൽ അറ്റകുറ്റപണികൾ ചെയ്തു.






# ഇടുക്കി

## ഗവ. ഐ ടി ഐ കട്ടപ്പന

- ഇടുക്കി, ഉപ്പുതറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിടത്തിന്റെ റീ വയറിംഗ്, ക്ലീനിംഗ്, ഫർണീച്ചറുകളുടെ പെയിന്റിങ് തുടങ്ങിയ ജോലികൾ ചെയ്തു.









# ഇടുക്കി

## ഗവ. ഐ ടി ഐ രാജാക്കാട്

- കൊച്ചുമുല്ലക്കാനത്ത് സ്ഥിതിചെയ്യുന്ന അങ്കണവാടിയിൽ പ്രവർത്തന രഹിതമായി കിടന്ന രണ്ടു ജനൽ വാതിലുകൾ, ഫർണിച്ചർ മുതലായവ, അറ്റകുറ്റപ്പണി ചെയ്ത് പുനഃസ്ഥാപിച്ചു.
- രാജാക്കാട് ഗവ. ഹയർ സെക്കന്ററി സ്കൂൾ സമുച്ചയത്തിലുള്ള ഗവ.എൽ പി സ്കൂൾ കെട്ടിടത്തിലെ ഊട്ടുപുരയിൽ സ്ഥാപിച്ചിട്ടുള്ള കേടുപാടു സംഭവിച്ച വാട്ടർടാപ്പുകൾ മാറ്റി പുതിയ ടാപ്പുകൾ സ്ഥാപിക്കുകയും, വിവിധ ടാപ്പുകളിലെ ലീക്ക് പരിഹരിക്കുകയും ചെയ്തു.









## എറണാകുളം

# ഗവ. ഐ ടി ഐ കളമശ്ശേരി

- കളമശ്ശേരി മെഡിക്കൽ കോളേജിലെ കേടുപാടുകൾ സംഭവിച്ച കട്ടിലും മറ്റു ഫർണിച്ചറുകളും റിപ്പയർ ചെയ്തു.
- കളമശ്ശേരി എച് .എം .ടി സ്കൂൾ, ആലുവ ബോയ്സ് സ്കൂൾ എന്നിവിടങ്ങളിൽ വിവിധ അറ്റകുറ്റപണികൾ ചെയ്തു.





# എറണാകുളം

## ഗവ. വനിത ഐ.ടി.ഐ കളമശ്ശേരി

- മോഡം സർവ്വീസിംഗ്.
- സ്ഥാപനത്തിലെ ശുചിമുറികളിൽ എക്സ്ഹോസ്റ്റ് ഫാൻ ഘടിപ്പിച്ചു.
- ഡൈനിംഗ് ഹാൾ, വിവിധ ട്രേഡുകൾ എന്നിവയിലെ യന്ത്ര തകരാറുള്ള ഫാനുകൾ പ്രവർത്തനയോഗ്യമാക്കി.
- ഫാനുകളുടെ വൈൻഡിംഗ് തകരാർ പരിഹരിച്ചു.
- പബ്ലിക്ക് അഡ്രസ്സിംഗ് സിസ്റ്റം ഇൻസ്റ്റലേഷൻ.
- വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന യു. പി. എസ് കളുടെ ബാറ്ററി വാട്ടർ മാറ്റി
- വിവിധ ലാബുകളിലെ ട്യൂബ് ലൈറ്റുകൾ മാറ്റി സ്ഥാപിച്ചു.
- പള്ളിലാംകര എൽ.പി. സ്കൂളിലെ ചുറ്റുമതിൽ വൃത്തിയാക്കി





# എറണാകുളം

## ഗവ. വനിത ഐ.ടി.ഐ കളമശ്ശേരി









# എറണാകുളം

## ഗവ. ഐ ടി ഐ ആരക്കുഴ

- മൂവാറ്റുപുഴ ഗവ. ടൗൺ യു പി എസിലെ  പെയിന്റിംഗ് നിർവ്വഹിച്ചു.
- മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലെ പെയിന്റിംഗ് നിർവ്വഹിച്ചു.
- മൂവാറ്റുപുഴ ഗവ. ടൗൺ യു പി എസിലെ ഇലക്ട്രിക്കൽ, പ്ലംബിംഗ് വർക്കുകൾ നിർവ്വഹിച്ചു.









# എറണാകുളം

## ഗവ. ഐ ടി ഐ വേങ്ങൂർ

- ഐ ടി ഐ യിലെ പുതിയ കെട്ടിടത്തിൽ താത്കാലികമായി ജലവിതരണത്തിനു വേണ്ടിയുള്ള പമ്പ് സെറ്റ് കണക്ഷൻ സ്ഥാപിച്ചു.
- വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ പ്ലംബിംഗ് റിപ്പയറിംഗ് വർക്കുകൾ ചെയ്തു.
- നെടുങ്ങപ്ര ഗവ. ആയുർവേദ ആശുപത്രിയിൽ ഇലക്ട്രിക്കൽ റിപ്പയറിംഗ് വർക്ക് ചെയ്തു.









## ഗവ. ഐ ടി ഐ ചാലക്കുടി

- ഉറുമ്പൻകുന്ന് കമ്മ്യൂണിറ്റി ഹാളിലെ ഫർണിച്ചർ അറ്റകുറ്റപ്പണി നടത്തുകയും സാനിറ്റേഷൻ, കുടിവെള്ള വിതരണസംവിധാനം എന്നിവയിലെ തകരാറുകൾ പരിഹരിക്കുകയും ചെയ്തു.









# തൃശ്ശൂർ

## ഗവ ഐ ടി ഐ മാള

- മാള, പൊയ്യ, കുഴൂർ, അന്നമനട എന്നീ ഗ്രാമപഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ പ്രളയാനന്തരം ഇലക്ട്രിക്കൽ, പ്ലംബിംഗ് എന്നിവയിൽ അറ്റകുറ്റപണികൾ നടത്തുകയും ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെയും റെഫ്രിജറേറ്റർ ഉപകരണങ്ങളുടെയും കേടുപാടുകൾ പരിഹരിക്കുകയും ചെയ്തു.





# തൃശ്ശൂർ

## ഗവ. ഐ ടി ഐ മാള









നൈപുണ്യ കർമ്മസേന

# തൃശ്ശൂർ

## ഗവ. ഐ ടി ഐ മാള









# തൃശ്ശൂർ

## ഗവ. ഐ ടി ഐ ചേർപ്പ്

- തൃശ്ശൂർ പഴുവിൽ ഗവ. ആയുർവേദ ആശുപത്രിയിൽ ഫാൻ, ലൈറ്റ് എന്നിവയുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ അറ്റകുറ്റപ്പണി നടത്തി, ഫാനുകളും ലൈറ്റുകളും പ്രവർത്തനക്ഷമമാക്കി.









# പാലക്കാട്

## ഗവ. ഐ ടി ഐ മലമ്പുഴ

- നെന്മാറ ഗവ. ആശുപത്രിയിലെ കസേര, വീൽ ചെയർ എന്നിവ അറ്റകുറ്റപ്പണി ചെയ്തു.





# പാലക്കാട്

## ഗവ. വനിത ഐ.ടി.ഐ മലമ്പുഴ

- മലമ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ കമ്പ്യൂട്ടർ, പ്രിന്റർ, ഡിജിറ്റൽ ബി.പി അപ്പാരറ്റസ് എന്നിവ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കി









# പാലക്കാട്

## ഗവ. ഐ ടി ഐ കൊഴിഞ്ഞാമ്പാറ

- കൊഴിഞ്ഞാമ്പാറ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലെ പൈപ്പുകളുടെയും ടാപ്പുകളുടെയും തകരാറുകൾ പരിഹരിച്ചു.
- കൊഴിഞ്ഞാമ്പാറ ഗവ. യു പി സ്കൂളിൽ പുതിയ ഫാൻ ഘടിപ്പിക്കൽ, പഴയ ഫാനുകളുടെ കേടുപാടുകൾ പരിഹരിക്കൽ, ഇലക്ട്രിക്കൽ കണക്ഷൻ തകരാർ പരിഹരിക്കൽ എന്നീ പ്രവൃത്തികൾ നിർവ്വഹിച്ചു.









# പാലക്കാട്

## ഗവ. ഐ ടി ഐ പെരുമാട്ടി

- മീനാക്ഷിപുരം ഗവ. ഹൈസ്കൂളിലെ കേടായ സി.സി.ടി.വി റിപ്പയർ ചെയ്തു.
- മീനാക്ഷിപുരം ഗവ. ഹൈസ്കൂൾ കവാടത്തിലെ ആർച്ചിന്റെ വെൽഡിങ്ങും റീ പെയിന്റിങ്ങും നടത്തി.





# പാലക്കാട്

## ഗവ. ഐ ടി ഐ വാണിയംകുളം

- വാണിയംകുളം ഗവൺമെൻറ് ഐ ടി ഐ പൈപ്പ് ലൈനിലെ ബ്ലോക്ക് പരിഹരിച്ചു.









# ഗവ. ഐ ടി ഐ അരീക്കോട്

- ഹോമിയോ ഡിസ്പെൻസറിയിലെ ഇലക്ട്രിക് മെയിന്റനൻസ് ജോലികൾ നിർവ്വഹിച്ചു.
- ലൈഫ് മിഷൻ പദ്ധതി പ്രകാരം ലഭിച്ച വീടിന്റെ ഇലക്ട്രിക്കൽ ജോലികൾ നിർവ്വഹിച്ചു.
- പ്രളയാനന്തര പ്രവർത്തനങ്ങൾ നിർവ്വഹിച്ചു.
- ഐ.ടി.ഐ.യിലെ ഇലക്ട്രിക്കൽ വർക്കുകൾ നിർവ്വഹിച്ചു.
- മുണ്ടമ്പ്ര ജി.എം.എൽ.പി.സ്ക്കൂൾ കമ്പ്യൂട്ടർ ലാബ് വയറിംഗ് വർക്കുകൾ നിർവ്വഹിച്ചു.









# മലപ്പുറം

## ഗവ. ഐ ടി ഐ നിലമ്പൂർ

- നിലമ്പൂർ വെളിയംതോട് പ്രീ പ്രൈമറി സ്കൂൾ, കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ഇലക്ട്രിക്കൽ അറ്റകുറ്റപണി നിർവ്വഹിച്ചു.









## മലപ്പുറം

# ഗവ. ഐ ടി ഐ മാറഞ്ചേരി

- പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ  ഇലക്ട്രിക്ക് വർക്കുകൾ ഫാൻ റിപ്പയറിങ് സ്വിച്ച് ബോർഡ് മെയിന്റനൻസ്  കപ്പാസിറ്റർ റീപ്ലേസ്മെന്റ് വർക്കുകൾ നിർവ്വഹിച്ചു.









## ഗവ. ഐ ടി ഐ പുഴക്കാട്ടിരി

- ഗവ. ഐ ടി ഐയിൽ ഇലക്ട്രിക്കൽ അറ്റകുറ്റപണി നിർവ്വഹിച്ചു.









## ഗവ. ഐ ടി ഐ താഴെക്കോട്

- താഴെക്കോട് ആയുർവേദ ആശുപത്രിയിലെ വിവിധ ഉപകരണങ്ങളുടെ വെൽഡിങ്, വയറിംഗ്, കാർപെന്ററി ജോലികൾ നിർവ്വഹിച്ചു.





# മലപ്പുറം

## ഗവ. ഐ ടി ഐ താഴെക്കോട്






# മലപ്പുറം

## ഗവ. ഐ ടി ഐ വാഴക്കാട്

- ഗവ. ഐ ടി ഐയിൽ ഇലക്ട്രിക്കൽ അറ്റകുറ്റപണികൾ നിർവ്വഹിച്ചു.









# കോഴിക്കോട്

## ഗവ. വനിത ഐ ടി ഐ കോഴിക്കോട്

- കോഴിക്കോട് പിഞ്ചു അങ്കണവാടിയിലെ കമ്പ്യൂട്ടർ, ഇലക്ട്രിക്കൽ അറ്റകുറ്റപ്പണി എന്നിവ നിർവഹിച്ചു.









# കോഴിക്കോട്

## ഗവ. ഐ ടി ഐ കൊയിലാണ്ടി

- കൊയിലാണ്ടി താലൂക്ക് ആശുപത്രി ജനറൽ വാർഡിലെ തുരുമ്പ് പിടിച്ച കട്ടിലുകൾ മറ്റു ഉപകരണങ്ങൾ എന്നിവ പെയിന്റ് ചെയ്തു പ്രവർത്തന ക്ഷമമാക്കി.









# ഗവ. ഐ ടി ഐ ബേപ്പൂർ

- ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് പ്രാക്ടിക്കൽ വർക്ക്ഷോപ്പിലെ ഡ്രോയിങ് ടേബിളുകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കി.





# കോഴിക്കോട്

## ഗവ. ഐ.ടി.ഐ പേരാമ്പ്ര

- ബഡ്സ് സ്കൂളിൽ കിച്ചൻ ഗാർഡൻ നിർമ്മിച്ചു.









# കോഴിക്കോട്

## ഗവ. ഐ ടി ഐ തിരുവമ്പാടി

- ഐ ടി ഐയിൽ വിവിധ അറ്റകുറ്റപണികൾ നടത്തി.



നൈപുണ്യ കർമ്മസേന

# കോഴിക്കോട്

## ഗവ. ഐ ടി ഐ വടകര

- മണിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിലും തീരുമാന എൽ പി സ്കൂളിലും വയറിംഗ്, പ്ലംബിംഗ് ജോലികൾ നിർവ്വഹിച്ചു.







# കോഴിക്കോട്

## ഗവ ഐ ടി ഐ വളയം

- മാടപ്പള്ളി ഗവൺമെന്റ് കോളേജിൽ ഇലക്ട്രിക്കൽ അറ്റകുറ്റപ്പണി നടത്തി.





# ഗവ. ഐ ടി ഐ മണിയൂർ

- മണിയൂർ ഗവ. സ്കൂളിൽ വൈദ്യുത അറ്റകുറ്റപ്പണികൾ നടത്തി.
- മണിയൂർ ഗവ. ഐ ടി ഐയിലെ ഒരു ട്രെയിനിയുടെ വീട്ടിൽ (ബിപിഎൽ കുടുംബം) ഇലക്ട്രിക്കൽ മെയിന്റനൻസ് & പെയിന്റിംഗ് ജോലികൾ നടത്തി.









# വയനാട്

## കെഎംഎം. ഗവ. ഐടിഐ കൽപ്പറ്റ

- ലൈറ്റ്, ഫാൻ തുടങ്ങിയ ഉപകരണങ്ങളുടെ റിപ്പയറിംഗ് ആന്റ് ഫിറ്റിംഗ്സ് (പി.എച്ച്.സി, തെക്കുംത്തറ)
- ഹോസ്റ്റലിലെ മേശ, കട്ടിൽ, കസേരകൾ ഇവയുടെ റീപെയിന്റിംഗ് (സ്പോർട്സ് ഹോസ്റ്റൽ, കൽപ്പറ്റ)
- ഹോസ്റ്റലിലെ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ റിപ്പയറിംഗ്, മെയിന്റനൻസ് ആന്റ് ഇൻസ്റ്റലേഷൻ (സ്പോർട്സ് ഹോസ്റ്റൽ, കൽപ്പറ്റ)
- ഇലക്ട്രിക്കൽ ആന്റ് പ്ലംബിംഗ് മെയിന്റനൻസ് (ഓടമ്പം കോളനി)
- ഇലക്ട്രിക്കൽ മെയിന്റനൻസ് ആന്റ് വയറിംഗ് (മണിയങ്കോട് കോളനി)
- ഇലക്ട്രിക്കൽ മെയിന്റനൻസ് (ഗവ. യു.പി. സ്കൂൾ, പുളിയാർമല)
- പ്ലംബിംഗ് മെയിന്റനൻസ് (മന്തപ്പ മെമ്മോറിയൽ ഗവ. യു.പി. സ്കൂൾ)





# വയനാട്

## ഗവ. വനിത ഐ ടി ഐ നെന്മേനി

- നെന്മേനി ഗവ. വനിത ഐടിഐ കോമ്പൗണ്ടും പരിസരവും പ്ലാസ്റ്റിക്ക് മുക്തമാക്കി.
- ഐടിഐ ചുള്ളിയോട് റോഡ്, ഐടിഐ നെന്മേനി മെയിൻ റോഡ് എന്നിവയുടെ ഇരുവശവും പ്ലാസ്റ്റിക്ക് മുക്തമാക്കി.









# വയനാട്

## ഗവ. ഐ ടി ഐ വെള്ളമുണ്ട

- വെള്ളമുണ്ട ഗവ. യുപി സ്കൂൾ, മൊതക്കര ഗവ. എൽപി സ്കൂൾ എന്നിവിടങ്ങളിൽ ഇലക്ട്രിക്കൽ, പ്ലംബിംഗ് മെയിന്റനൻസ് ജോലികൾ പൂർത്തിയാക്കി.





# കണ്ണൂർ

## ഗവ. ഐ ടി ഐ കണ്ണൂർ

- വേങ്ങാട് പ്രാഥമിക ആരോഗ്യ കേന്ദ്രം, ഇലക്ട്രിക്കൽ മെയ്ന്റനൻസ് വർക്ക് പൂർത്തീകരിച്ചു.
- തോട്ടട അഭയ നികേതൻ, ഇലക്ട്രിക്കൽ മെയ്ന്റനൻസ് വർക്കുകൾ പൂർത്തീകരിച്ചു.
- കണ്ണൂർ ജില്ലാ ഹോമിയോ ആശുപത്രി, ഇലക്ട്രിക്കൽ മെയ്ന്റനൻസ് വർക്കുകൾ പൂർത്തീകരിച്ചു.
- കണ്ണൂർ ജില്ലാ ഹോമിയോ ആശുപത്രി, പ്ലംബിംഗ് വർക്കുകൾ പൂർത്തീകരിച്ചു.
- മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ പ്രവർത്തിച്ചിരുന്ന കോവിഡ് ക്വാറന്റൈൻ സെന്ററിലെ കേടുപാട് സംഭവിച്ച ഹോസ്പിറ്റൽ കട്ടിലുകളുടെ (സ്റ്റീൽ) തകരാർ പരിഹരിച്ചു.
- തളാപ്പ് മിക്സഡ് U P സ്കൂൾ, ഇലക്ട്രിക്കൽ തകരാറുകൾ പരിഹരിച്ചു, വെൽഡിങ് ജോലികൾ തീർത്തു.





# കണ്ണൂർ

## ഗവ. ഐ ടി ഐ കണ്ണൂർ









# ഗവ. ഐ ടി ഐ കുറുമാത്തൂർ

- തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പട്ടുവത്ത് പ്രവർത്തിക്കുന്ന മഹിളാ കിസാൻ ശാക്തീകരണ പരിയോജന പ്രൊജക്ടിലെ വിവിധ കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റ പണികൾ നടത്തി.
- കൂവോട് കൃഷിഭവന്റെ കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപണികൾ നടത്തി.









# കണ്ണൂർ

## ഗവ. ഐ ടി ഐ കൂത്തുപറമ്പ്

- മോടോമ്പൊയിൽ അങ്കണവാടിയിലെ വിവിധ റിപ്പയറിംഗ് വർക്കുകൾ.









# കണ്ണൂർ

## ഗവ. ഐ ടി ഐ പേരാവൂർ

- വിളക്കോട് ഗവ.യു.പി സ്കൂളിൽ ഇലക്ട്രിക്കൽ ജോലിയും പ്ലംബിംഗ് ജോലിയും പൂർത്തിയാക്കി.









# ഗവ. ഐ ടി ഐ പടിയൂർ

- ബളത്തൂർ അങ്കണവാടിയിലെ ഫർണിച്ചർ നന്നാക്കി.










# കണ്ണൂർ

## ഗവ. ഐ ടി ഐ പെരിങ്ങോം

- പെരിങ്ങോം ജി എച്ച് എസിൽ വിവിധ അറ്റകുറ്റപണികൾ ചെയ്തു.









# ഗവ. ഐ ടി ഐ പിണറായി

- ചാത്തോത്ത്  എൽ പി എസ്, പിണറായി പി എച്ച് എസ് സി എന്നിവിടങ്ങളിൽ ഇലക്ട്രിക്കൽ അറ്റകുറ്റപണികൾ നടത്തി.





## കാസർഗോഡ്

# ഇ.കെ.നായനാർ മെമ്മോറിയൽ
# ഗവ. ഐ ടി ഐ കയ്യൂർ

- ചീമേനി ആയുർവേദ ആശുപത്രിയിൽ റീ പെയിന്റിംഗ് നടത്തുകയും ഇലക്ട്രിക്കൽ മെയിന്റനൻസ് നടത്തുകയും ചെയ്തു.
- കയ്യൂർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ പ്ലംബിംഗ് അറ്റകുറ്റപണി നടത്തി.
- കയ്യൂർ സ്കൂളിൽ സ്വിച്ച്, ലൈറ്റ് എന്നിവയുടെ അറ്റകുറ്റപണി നടത്തി.
- കയ്യൂർ അങ്കണവാടി പ്ലംബിംഗ് അറ്റകുറ്റപണി നടത്തി.






## കാസർഗോഡ്

# ഇ.കെ.നായനാർ മെമ്മോറിയൽ ഗവ. ഐ ടി ഐ കയ്യൂർ









# കാസർഗോഡ്

## ഗവ.ഐ ടി ഐ സീതാംഗോളി

- ഐ ടി ഐയിൽ  വിവിധ അറ്റകുറ്റപണികൾ നടത്തി.










# കാസർഗോഡ്

## ഗവ. ഐ ടി ഐ കോടോം ബേളൂർ

- ഐ ടി ഐയിൽ അറ്റകുറ്റപണി നടത്തി.













## കാസർഗോഡ്

# ഗവ. ഐ ടി ഐ കുറ്റിക്കോൽ

- കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ അറ്റകുറ്റപണി നടത്തി.









# കാസർഗോഡ്

## ഗവ.ഐ ടി ഐ മടിക്കൈ

- ആലംപാടി യു പി സ്കൂൾ പെയിന്റിംഗ്.
- എരിക്കുളം ഗവ. ആയുർവേദ ആശുപത്രിയിൽ പ്ലംബിംഗ് & ഇലക്ട്രിക്കൽ അറ്റകുറ്റപണി.
- എരിക്കുളം ഗവ. ഹോമിയോ ആശുപത്രിയിൽ പ്ലംബിംഗ് & ഇലക്ട്രിക്കൽ അറ്റകുറ്റപണി.





# കാസർഗോഡ്

## ഗവ: ഐ ടി ഐ പിലിക്കോട്

- വറക്കോട്ട് വയൽ അങ്കണവാടി & ആലംപാടി യു പി സ്കൂൾ, പെയിന്റിംഗും മറ്റ് അറ്റകുറ്റപണികളും.









# കാസർഗോഡ്

## ഗവ. ഐ ടി ഐ പുല്ലൂർ


- പെരിയ, മഹാത്മാ സ്പെഷ്യൽ ബഡ്സ് സ്കൂൾ ഇലക്ട്രിക്കൽ റിപ്പയറിംഗ്.
- പുല്ലൂർ, ഗവ. ആയുർവേദാശുപത്രി റിപ്പയറിംഗ് & പെയിൻറിംഗ്.
- പുല്ലൂർ, അങ്കണവാടി ഇലക്ട്രിക്കൽ റിപ്പയറിംഗ്.










നൈപുണ്യ കർമ്മസേന



Industrial Training Institute